### ഇഹ്‌യാ ഉലൂമിദ്ദീൻ– ഇമാം ഗസ്സാലി

വിവ: കെ.എ. ഖാദിർ ഫൈസി

ഹുജ്ജത്തുൽ ഇസ്‌ലാം അബൂഹാമിദുൽ ഗസ്സാലിയുടെ വിശ്രുത ഗ്രന്ഥമാണ് *ഇഹ്‌യാ ഉലൂമിദ്ദീൻ*. ഇസ്‌ലാമിക വൈജ്ഞാനികരംഗത്ത് *ഇഹ്‌യാ*ഇനോളം പ്രതിഫലനം സൃഷ്ടിച്ച കൃതികൾ അപൂർവമാണ്. ലോകത്തെങ്ങുമുള്ള ചിന്തകരെയും പണ്ഡിതരെയും പൊതുസമൂഹത്തെയും *ഇഹ്‌യാ* ഹഠാദാകർഷിച്ചിട്ടുണ്ട്. നിരവധി ഭാഷകളിലേക്ക് *ഇഹ്‌യാ* വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.




*ഇഹ്‌യാ*യുടെ ഏറ്റവും പുതിയ ഈ മലയാള ഭാഷാന്തരം തയാറാക്കിയിരിക്കുന്നത് കെ.എ ഖാദിർ ഫൈസിയാണ്. ഇതര മലയാള വിവർത്തനങ്ങളിൽനിന്ന് ഭാഷയിലും ശൈലിയിലും അൽപം മുമ്പിൽ നിൽക്കുന്നു ഖാദിർ ഫൈസിയുടെ പരിഭാഷ. വിജ്ഞാനം, വിശ്വാസപ്രമാണം, ശുചിത്വ രഹസ്യങ്ങൾ, നമസ്കാര രഹസ്യങ്ങൾ, വ്രതം, ഹജ്ജ്, ഖുർആൻ പാരായണ മര്യാദകൾ, ദിക്റ്–ദുആ, സമയാധിഷ്ഠിത പ്രാർഥനാക്രമവും രാത്രിനമസ്കാരങ്ങളും എന്നിങ്ങനെ പത്ത് അധ്യായങ്ങളാണ് ഇപ്പോൾ പുറത്തിറങ്ങിയ ഒന്നാം വാല്യത്തിലുള്ളത്. അമ്പത്തിരണ്ട് ശീർഷകങ്ങളിലായി വിഷയങ്ങൾ വിശദീകരിച്ചിരിക്കുന്നു. പ്രാർഥനകൾ അറബിയിൽതന്നെ നൽകിയിട്ടുള്ളത് ഏറെ പ്രയോജനകരമാണ്.

പേജ് 655 വില 300

തിരൂരങ്ങാടി ബുക്സ്റ്റാൾ

സെഞ്ചറി കോംപ്ലക്സ്, കോഴിക്കോട്

### ഇസ്‌ലാം അടിസ്ഥാന തത്വങ്ങൾ

മുഹമ്മദ് ഇല്യാസ് നദ്‌വി ബഡ്കലി

ഇസ്‌ലാമിക വിശ്വാസങ്ങൾ ലളിതമായി വിവരിക്കുന്ന ലഘുകൃതിയാണ് മുഹമ്മദ് ഇല്യാസ് നദ്‌വിയുടെ 'ഇസ്‌ലാം അടിസ്ഥാന തത്വങ്ങൾ'. ഏകദൈവത്വം (തൗഹീദ്) ആണ് മുഖ്യ ചർച്ചാവിഷയം. ബഹുദൈവത്വസങ്കൽപത്തിന്റെ അർഥശൂന്യത, അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തിന്റെ പ്രാപഞ്ചിക ദൃഷ്ടാന്തങ്ങൾ, വിശ്വാസസ്തംഭങ്ങൾ, നമസ്കാരം, സകാത്ത് തുടങ്ങിയ വിഷയങ്ങൾ സരളമായ ഭാഷയിലും ശൈലിയിലും വിശദീകരിച്ചിരിക്കുന്നു. ഇന്ത്യയിലെ അമുസ്‌ലിം സഹോദരന്മാർക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ, പ്രബോധനാനുഭവങ്ങളുടെ പശ്ചാത്തലത്തിലാണ് കൃതി രചിക്കപ്പെട്ടിട്ടുള്ളത്. 'The Fundamentals of Islam' എന്ന ഇംഗ്ലീഷ് കൃതിയുടെ ഈ പരിഭാഷ തയാറാക്കിയിരിക്കുന്നത് അബ്ദുശ്ശുകൂർ അൽ ഖാസിമിയാണ്.




പേജ് 95, വില 30.

എം.ഐ.എഫ് പബ്ലിക്കേഷൻ,

കോഴിക്കോട്–1

### വികസനം, പരിസ്ഥിതി, ആഗോളമുതലാളിത്തം

വിനാശകരമായ ആധുനിക വികസനസങ്കൽപങ്ങളെ വിമർശന സ്വഭാവത്തോടെ വിലയിരുത്തുകയും വികസനത്തെക്കുറിച്ച് ഇസ്‌ലാമികപക്ഷത്തുനിന്നുള്ള കാഴ്ചപ്പാടുകൾ അവതരിപ്പിക്കുകയും ചെയ്യുന്ന കൃതി. ആഗോളമുതലാളിത്തത്തിന്റെയും അനുകർത്താക്കളുടെയും 'വികസന ദൗത്യ'ങ്ങളുടെ അന്തസ്സാരശൂന്യത വിലയിരുത്തുകയും മനുഷ്യരാശിയുടെയും പ്രകൃതിയുടെയും സുരക്ഷിതമായ നിലനിൽപും അഭിവൃദ്ധിയും ഉറപ്പുവരുത്തുന്ന വികസന കാഴ്ചപ്പാടുകളുടെ അനിവാര്യതയിലേക്ക് വിരൽചൂണ്ടുകയും ഇസ്‌ലാമിക വീക്ഷണങ്ങളിലൂടെ അത് അവതരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന 12 ലേഖനങ്ങളുടെ സമാഹാരം. ഡോ. യൂസുഫുൽ ഖറദാവി, പ്രഫ. ഖുർശിദ് അഹ്‌മദ്, ടി.കെ അബ്ദുല്ല, ഒ. അബ്ദുർറഹ്‌മാൻ, ശൈഖ് മുഹമ്മദ് കാരകുന്ന്, പ്രഫ. പി.പി അബ്ദുർറശീദ്, മുഹമ്മദ് ശമീം എന്നിവരാണ് ലേഖകർ. പുസ്തകം എഡിറ്റ് ചെയ്തിരിക്കുന്നത് എ.എ ഹലീം




പേജ് 194, വില 60

പ്രസാധനം: സോളിഡാരിറ്റി യൂത്ത്മൂവ്മെന്റ്

ഹിറാ സെന്റർ, കോഴിക്കോട്